# സ്ഫോടനങ്ങൾക്കു പിന്നിൽ

**ലോകത്തെവിടെ** ഭീകരാക്രമണമോ സ്ഫോടനമോ ഉണ്ടായാലും അതിന്റെ പിന്നിൽ മുസ്‌ലിംകളായിരിക്കുമെന്ന കാര്യത്തിൽ പാശ്ചാത്യലോകത്തെ ഭരണാധികാരികൾക്കും പോലീസിനും സംശയമില്ല. ഈ മാനസികാവസ്ഥയിൽ അവരെ എത്തിച്ചത് ജോർജ് ബുഷിന്റെയും കൂട്ടരുടെയും പ്രചാരവേലകളാണ്.

ഇന്ത്യയിലെ രഹസ്യാന്വേഷണ ഏജൻസികളും പല പോലീസ് മേധാവികളും ഇതേ രീതി പിന്തുടരുന്നത്, അവർക്ക് സി.ഐ.എയിൽനിന്നും മൊസാദിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പരിശീലനത്തിന്റെ ഫലമായിരിക്കാം. ഇന്ത്യൻ പാർലമെന്റിലോ അക്ഷർധാം ക്ഷേത്രത്തിലോ തീവണ്ടികളിലോ സ്ഫോടനം നടത്തിയത് ജിഹാദീ ഗ്രൂപ്പുകളാണെന്ന് പറയുന്ന ലാഘവത്തോടെത്തന്നെ മാലേഗാവിലെ ഖബ്റിസ്ഥാനിലെയും ഏറ്റവുമൊടുവിൽ ഹൈദറാബാദിലെ മക്കാ മസ്ജിദിലെയും ബോംബ് സ്ഫോടനങ്ങളുടെ പ്രതികളെയും അന്വേഷിക്കുന്നത് മുസ്‌ലിംകൾക്കിടയിൽതന്നെയാണ്.

ചിലേടത്ത് ഉർദുവിലുള്ള കത്തുകളും ഈത്തപ്പഴവുമാണ് മുസ്‌ലിം ഭീകരസാന്നിധ്യത്തിനുള്ള തെളിവെങ്കിൽ മറ്റു ചിലേടത്ത് സ്ഫോടനത്തിനുപയോഗിച്ചത് ആർ.ഡി.എക്സ് ആണെന്നതത്രെ. ആ സാധനം ലഭിക്കണമെങ്കിൽ തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണമല്ലോ! ഏറ്റവുമൊടുവിൽ ഹൈദറാബാദിൽനിന്ന് കണ്ടെടുത്തത് ഒരു മൊബൈൽ സിം കാർഡാണ്. അത് ലഭിച്ചത് ടിഫിനിൽ പൊട്ടാതെ അവശേഷിച്ച ബോംബിനോടൊപ്പമായിരുന്നുവെന്നാണ് പോലീസ് ഭാഷ്യം. ആ കാർഡുപയോഗിച്ച് ഏതൊക്കെ നമ്പറിലേക്ക് ഫോൺ ചെയ്തുവെന്ന അന്വേഷണമാണ് നടക്കുന്നത്. ഇത്തരമൊരു തൊണ്ടി ബോംബ് പാത്രത്തിൽതന്നെ (പൊട്ടാതിരിക്കാനായി നനച്ചുവെച്ചതായിരിക്കും) വെച്ചുകൊണ്ട് അന്വേഷണോദ്യോഗസ്ഥർക്ക് കാര്യങ്ങൾ എളുപ്പം കണ്ടെത്താൻ സഹായിക്കുന്ന കൊടും ഭീകരർ ആരായിരുന്നാലും കേമന്മാർ തന്നെ!

ഇന്ത്യയിൽ വ്യാജ മേൽവിലാസമുപയോഗിച്ച് മൊബൈൽ ഫോൺ കണക്ഷനും ഐഡന്റിറ്റി രേഖകളും ലഭിക്കാൻ യാതൊരു സാധ്യതയുമില്ലെന്നാണല്ലോ വെപ്പ്. എന്നാൽ വ്യാജമായി ഐ.ഡി കാർഡുകൾ മാത്രമല്ല റേഷൻ കാർഡും ഡ്രൈവിംഗ് ലൈസൻസും പാസ്പോർട്ടും ലഭിക്കാൻ ഏതാനും നൂറിന്റെ നോട്ടുകൾ മാത്രം മതിയെന്ന് അധികൃതർക്ക് അറിയാഞ്ഞിട്ടല്ല.

തലസ്ഥാനത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന ഉർദുവിലെ ഏറ്റവും പ്രചാരമുള്ള ദിനപത്രം *രാഷ്ട്രീയ സഹാറ*യിൽ മെയ് 21,22,23 തീയതികളിലായി പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ വ്യാജ മേൽവിലാസത്തിലുള്ള റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, സിം കാർഡ് എന്നിവയെക്കുറിച്ച് അന്വേഷിച്ച് യാഥാർഥ്യം പരസ്യപ്പെടുത്താൻ വെല്ലുവിളിക്കുകയുണ്ടായി; ലേഖകൻ അസീസ് ബർനി. എന്നാൽ അതിനെക്കുറിച്ച് യാതൊരന്വേഷണവും ഇതുവരെ നടന്നിട്ടില്ലെന്നാണ് അറിയുന്നത്.

മെയ് 21-ലെ ഒന്നാം പേജിലെ പ്രധാന വാർത്തയായി 'ബാബരിമസ്ജിദ് പൊളിച്ചതും മുസ്‌ലിം സംഘടനയാകുമോ?' എന്ന തലക്കെട്ടിൽ കൊടുത്തതിന്റെ അവസാന ഖണ്ഡിക ഇങ്ങനെയാണ്:

"സംസ്ഥാന സർക്കാറിനും പോലീസിനും ഏറ്റവും വലിയ തെളിവ് ഒരു സിം കാർഡാണെങ്കിൽ ഇതാ ഞങ്ങൾ ഒരു ഫോൺ നമ്പർ പ്രസിദ്ധീകരിക്കുന്നു- 09910336442. ഇത് ഇന്നു രാത്രി 12 മണിവരെ പ്രവർത്തിക്കും. രാത്രി ഞങ്ങളുടെ ഹൈദറാബാദിലെ ഓഫീസിലെ 0406613647 നമ്പറിലേക്ക് വിളിച്ചുകൊണ്ട് ഇത് സ്വിച്ചോഫ് ചെയ്യും. ഈ നമ്പർ എന്ന് മുതൽ പ്രവർത്തനക്ഷമമായിരുന്നുവെന്നും എവിടേക്ക് എത്രത്തോളം വിളിച്ചുവെന്നും സർവോപരി ഇത് ആരുടെ ഫോണാണെന്നും കണ്ടെത്താൻ സാധിക്കുമോ എന്ന് ഞങ്ങൾ വെല്ലുവിളിക്കുന്നു."

"ഇന്ത്യയിൽ വ്യാജ മേൽവിലാസത്തിൽ മൊബൈൽ കണക്ഷൻ ലഭിക്കാൻ യാതൊരു പ്രയാസവുമില്ലെന്നും ഒരു സിം കാർഡ് ഒന്നിനും തെളിവല്ലെന്നും കാണിക്കാനാണ് ഞങ്ങൾ ഇത് പ്രസിദ്ധീകരിക്കുന്നത്. സിം കാർഡിന്റെ കാര്യമിരിക്കട്ടെ, നാളെ ഞങ്ങൾ ഇതേ സ്ഥാനത്ത് ഒരു വ്യാജ മേൽവിലാസത്തിൽ ലഭിച്ച, അങ്ങനെയൊരു ഉടമ ജീവിച്ചിരുന്നിട്ടില്ലാത്ത ഒരു റേഷൻ കാർഡിന്റെ ചിത്രം പ്രസിദ്ധീകരിക്കും. അടുത്ത 48 മണിക്കൂറിനുള്ളിൽ ഇവയെപ്പറ്റി യഥാതഥമായി അന്വേഷിച്ച് വിവരം ലഭിക്കുന്നില്ലെങ്കിൽ അടുത്ത ദിവസം വ്യാജ വിലാസത്തിൽ ലഭിച്ച ഒരു ഡ്രൈവിംഗ് ലൈസൻസിന്റെ ഫോട്ടോ ഇതേ പേജിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതോടൊപ്പം റേഷൻ കാർഡിന്റെയും സിം കാർഡിന്റെയും വിവരങ്ങളും പ്രസിദ്ധപ്പെടുത്തും."

മെയ് 22-ലെ പത്രം ഒന്നാം പേജിൽ തന്നെ ഒരു റേഷൻ കാർഡിന്റെ ചിത്രം പ്രസിദ്ധപ്പെടുത്തിക്കൊണ്ട് ഇത് ആരുടെ പേരിൽ നൽകിയതാണോ, ആ ആളെ കണ്ടെത്താൻ സാധിക്കുമോ എന്ന് വെല്ലുവിളി ആവർത്തിച്ചു. വ്യാജ മേൽവിലാസത്തിൽ റേഷൻ കാർഡ് ലഭ്യമാണെങ്കിൽ മറ്റു രേഖകളുടെ കാര്യം പറയേണ്ടതില്ലല്ലോ.

ഹൈദറാബാദിൽനിന്ന് കണ്ടെടുത്ത സിം കാർഡിലേക്ക് സുഊദി അറേബ്യയിൽനിന്ന് കോൾ വന്നിരുന്നുവെന്നതാണ് ഇതേ ദിവസത്തെ പത്രങ്ങളിൽ വന്ന ഏറ്റവും വലിയ തെളിവ്. *രാഷ്ട്രീയ സഹാറ* ഇതോടൊപ്പം മറ്റൊരു മൊബൈൽ നമ്പർ കൂടി പ്രസിദ്ധീകരിച്ചുകൊണ്ട് അതിന്റെ ഉടമയെ കണ്ടെത്താൻ ആവശ്യപ്പെടുന്നു. 9971718460 എന്ന നമ്പറിന്റെ ഉടമസ്ഥതയും തെളിയിക്കാനാവില്ലെന്ന്!

മെയ് 23-ലെ പത്രത്തിൽ പ്രസിദ്ധീകരിച്ചത് രാജേഷ് ഗർഗിന്റെ പേരിൽ ഇഷ്യൂ ചെയ്തിട്ടുള്ള ഡ്രൈവിംഗ് ലൈസൻസാണ്. അങ്ങനെ ഒരാൾ ജനിച്ചിട്ടേയില്ലെന്നാണ് ലേഖകൻ പറയുന്നത്. അതോടൊപ്പം അതിന്റെ യാഥാർഥ്യം കണ്ടെത്താൻ അധികൃതരെയും പോലീസിനെയും വെല്ലുവിളിക്കുന്നു അദ്ദേഹം.

ചുരുക്കത്തിൽ, ചില പോലീസുദ്യോഗസ്ഥരുടെ വർഗീയതക്ക് ഇരയാവുന്ന നിരപരാധികൾ വ്യാജ ഏറ്റുമുട്ടലുകളിൽ മരിക്കുന്നുവെന്നത് മാത്രമാണ് ഇത്തരം സംഭവങ്ങളുടെ അനന്തരഫലം. ചിലപ്പോൾ ഉദ്യോഗസ്ഥന് ലഭിക്കുന്ന പാരിതോഷികങ്ങളും പ്രമോഷനുമാണ് ഇത്തരം ചെയ്തികളുടെ നിമിത്തമെന്ന് കാണാം.

ഏത് സ്ഫോടനസ്ഥലത്തും പോലീസുദ്യോഗസ്ഥർക്ക് എളുപ്പം കണ്ടെത്താവുന്നവിധത്തിൽ എന്തെങ്കിലും തെളിവ് അവശേഷിക്കുന്നുവെന്നതാണ് അടുത്ത കാലത്തുണ്ടായ ഏതാണ്ടെല്ലാ സ്ഫോടനങ്ങളുടെയും പൊതു സ്വഭാവം. അവയാകട്ടെ ഒരു പ്രത്യേക മതവിഭാഗത്തിന്റേതായിരിക്കുകയും ചെയ്യും. കൊല്ലുന്നതും കൊല്ലപ്പെടുന്നതും ഒരേ സമുദായക്കാർതന്നെ! ■

**അബ്ദുർറഹ്മാൻ കൊടിയത്തൂർ**

# ഇമാം ബന്നാ വിശേഷാൽ പതിപ്പ്

**ഇഖ്വാനുൽ** മുസ്‌ലിമൂന്റെ സ്ഥാപകൻ ഇമാം ഹസനുൽ ബന്നായുടെ ജന്മ ശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സേവനങ്ങളെയും സംഭാവനകളെയും വിലയിരുത്തുന്ന ബൃഹത്തായ ഒരു വിശേഷാൽ പതിപ്പ് പുറത്തിറങ്ങിയിരിക്കുന്നു ഉർദുവിൽ. ഇരുപതാം നൂറ്റാണ്ടിലെ മറ്റൊരു നവോത്ഥാന നായകൻ ഇമാം മൗദൂദി സ്ഥാപിച്ച *തർജുമാനുൽ ഖുർആൻ* എന്ന പാകിസ്താനിൽനിന്നിറങ്ങുന്ന മാസികയാണ് വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇമാം ബന്നായെക്കുറിച്ച് മൗലാനാ മൗദൂദിയുടെ ഒരു കുറിപ്പ് തുടക്കത്തിൽ ചേർത്തിട്ടുണ്ട്. "ശൈഖ് ഹസനുൽ ബന്നാ ഈജിപ്തിൽ ഇസ്‌ലാമിക നവോത്ഥാന യത്നങ്ങൾക്ക് തുടക്കം കുറിക്കുന്ന ഏതാണ്ട് അതേ കാലത്തു തന്നെ ഇന്ത്യാ-പാക് ഉപഭൂഖണ്ഡത്തിലും ഇതേ ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഇതൊരു അത്ഭുതകരമായ യാദൃഛികതയാണ്. ഇവ രണ്ടും തമ്മിൽ ഒന്നോ രണ്ടോ വർഷത്തെ വ്യത്യാസം കണ്ടേക്കും. പക്ഷേ കാലഘട്ടം ഏതാണ്ട് ഒന്നുതന്നെ. കുറേ വർഷങ്ങളോളം നമുക്ക് അവരെക്കുറിച്ചോ അവർക്ക് നമ്മെ കുറിച്ചോ അറിയുമായിരുന്നില്ല. പക്ഷേ ഒരേ വഴിയിലൂടെയാണ് ഇരു പ്രസ്ഥാനങ്ങളും സഞ്ചരിച്ചത്. പിന്നെയും കുറേ കഴിഞ്ഞാണ് നമ്മുടേത് പോലുള്ള ഒരു സംഘടന ഈജിപ്തിലും അവരുടേതു പോലുള്ള ഒരു സംഘടന ഇന്ത്യാ-പാക് ഉപഭൂഖണ്ഡത്തിലും പ്രവർത്തിക്കുന്നുണ്ടെന്ന് നമുക്കും അവർക്കും വിവരം കിട്ടുന്നത്. അവിടെ ഇഖ്വാന്റെ ഒന്നാം കാര്യദർശിയും രണ്ടാം കാര്യദർശിയും രക്തസാക്ഷിത്വം വരിച്ച് ദൈവസന്നിധിയിലെത്തിക്കഴിഞ്ഞു. ഇവിടെ ആ സ്ഥാനങ്ങളിലുള്ള രണ്ടാളുകളും ദുഃഖങ്ങൾ പേറാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു"- മൗലാനാ മൗദൂദിയുടെ കുറിപ്പ് തുടങ്ങുന്നത് ഇങ്ങനെയാണ്.

വിശേഷാൽ പതിപ്പിൽ ഏറ്റവും ദീർഘവും പഠനാർഹവുമായ ലേഖനം പ്രഫ. ഖുർശിദ് അഹ്മദിന്റേതാണ്. ഇമാം ബന്നായെ നേരിൽ കാണാൻ കഴിയാത്തതിലുള്ള ദുഃഖം പങ്കുവെച്ചുകൊണ്ടാണ് ലേഖനം തുടങ്ങുന്നത്. എന്നാൽ ഇമാമിന്റെ പുത്രൻ സൈഫുൽ ഇസ്‌ലാം ബന്നാ, ജാമാതാവ് സഈദ് റമദാൻ, പൗത്രൻ താരിഖ് റമദാൻ തുടങ്ങിയ അടുത്ത ബന്ധുക്കളുമായി ഇടപഴകാനും സംസാരിക്കാനും ഒട്ടേറെ അവസരങ്ങളുണ്ടായിട്ടുണ്ട് പ്രഫ. ഖുർശിദിന്. ആ സംസാരങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ഇമാം ബന്നായുടെ ചിത്രമാണ് അദ്ദേഹം വരച്ചിടുന്നത്. ഒപ്പം ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഭാവിയും വർത്തമാനവും ലേഖനത്തിൽ ചർച്ചാവിഷയമാകുന്നുമുണ്ട്.

ഖാദി ഹുസൈൻ, മിയാൻ ത്വുഫൈൽ, മുഹമ്മദ് മഹ്ദി ആകിഫ്, അബുൽ ഹസൻ അലി നദ്‌വി, സയ്യിദ് ഖുത്വ്ബ്, അബ്ദുൽ ഖാദിർ ഔദ, അബ്ദുൽ മുഇസ്സ് അബ്ദുസ്സത്താർ, ആയത്തുല്ല അലി തസ്ഖീരി, ഇഹ്സാൻ അബ്ദുൽ ഖുദ്ദൂസ് തുടങ്ങി മുപ്പതോളം പ്രമുഖരുടെ ലേഖനങ്ങളടങ്ങിയതാണ് 400 പേജുള്ള (സൈസ് 1/8) വിശേഷാൽ പതിപ്പ്. ■

# ലോക ഇസ്‌ലാമിക സാമ്പത്തിക വേദിയുടെ രണ്ടാം സമ്മേളനം

**വേൾഡ്** ഇക്കണോമിക് ഫോറത്തിന്റെ മാതൃകയിൽ രൂപംകൊണ്ട പുതിയ സാമ്പത്തിക കൂട്ടായ്മയാണ് 'വേൾഡ് ഇസ്‌ലാമിക് ഇക്കണോമിക് ഫോറം' (WIEF). ഇതിന്റെ രണ്ടാം സമ്മേളനം മെയ് അവസാന വാരം ക്വാലാലമ്പൂരിൽ നടന്നു. അറിവും അന്വേഷണത്വരയും വീണ്ടെടുത്തും ഐക്യം പുനഃസ്ഥാപിച്ചും വികസിതലോകത്തോടൊപ്പം ഓടിയെത്താനും വർധിച്ചുവരുന്ന ഇസ്‌ലാം/ പടിഞ്ഞാറ് സംഘർഷം ലഘൂകരിക്കാനും സമ്മേളനം മുസ്‌ലിം സമൂഹങ്ങളെ ആഹ്വാനം ചെയ്തു. "അറിവും അന്വേഷണബുദ്ധിയും നഷ്ടപ്പെട്ടതാണ് മുസ്‌ലിം സമൂഹത്തിന് അധികാരവും സാമ്രാജ്യവുമെല്ലാം നഷ്ടപ്പെടുത്തിയത്"- സമ്മേളനത്തെ അഭിസംബോധന ചെയ്ത് മലേഷ്യൻ പ്രധാനമന്ത്രി അബ്ദുല്ല ബദവി പറഞ്ഞു. "അതിവേഗം ആഗോളവത്കരിക്കപ്പെടുകയും വിവരാധിഷ്ഠമാക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് പിടിച്ചുനിൽക്കണമെങ്കിൽ ക്രിയാത്മകമായി പ്രതികരിക്കാൻ മുസ്‌ലിംകൾ തയാറാവണം. അല്ലെങ്കിൽ അവർ വളരെ പിറകെയെവിടെയോ ഉപേക്ഷിക്കപ്പെടും.......... മുസ്‌ലിം രാജ്യങ്ങളുടെ കൂട്ടായ്മയായ ഒ.ഐ.സിയിൽ ഇപ്പോൾ 57 അംഗ രാജ്യങ്ങളുണ്ട്. ഇവയധികവും മൂന്നാം ലോകത്തിലാണ് പെടുക. 2005-ലെ കണക്കനുസരിച്ച് ഈ രാജ്യങ്ങളെല്ലാം ചേർന്ന് ഉൽപാദിപ്പിക്കുന്നത് മൊത്തം ആഗോള ഉൽപാദനത്തിന്റെ അഞ്ച് ശതമാനം മാത്രമാണ്. അതേസമയം ലോക ജനസംഖ്യയുടെ 21 ശതമാനം ഈ രാജ്യങ്ങളിലാണ് ജീവിക്കുന്നത്."

ഒ.ഐ.സിയുടെ ചെയർമാൻ കൂടിയായ അബ്ദുല്ല ബദവി വിദ്യാഭ്യാസം, മനുഷ്യവിഭവം എന്നീ രണ്ട് മേഖലകളിൽ കൂടുതലായി പണമിറക്കേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറഞ്ഞു. വികസിത രാജ്യങ്ങളുമായി തട്ടിച്ചുനോക്കിയാൽ വളരെ നിസ്സാരമായ തുകയേ മുസ്‌ലിം രാജ്യങ്ങൾ വിദ്യാഭ്യാസത്തിന് വേണ്ടി നീക്കിവെക്കുന്നുള്ളൂ.

ഇന്തോനേഷ്യൻ പ്രസിഡന്റ് സുസിലോ ബംബാംഗ്

യുധോയാനോ വികസനത്തിന്റെ അടിത്തറ ഐക്യമാണെന്ന് ചൂണ്ടിക്കാട്ടി: “നമ്മൾ നിസ്സഹായരാകുന്നത് ഒന്നിച്ചുനിൽക്കാത്തതുകൊണ്ടാണ്. സത്യത്തിൽ നാം ദുർബലരല്ല. ഐക്യമില്ലാത്തതുകൊണ്ട് ദുർബലരായി തോന്നിപ്പിക്കുകയാണ്. ലോകത്തിന്റെ ഊർജാവശ്യത്തിന്റെ 70 ശതമാനവും നിവർത്തിക്കുന്നത് മുസ്‌ലിം ലോകമാണ്. ലോകവ്യാപകമായി 40 ശതമാനം അസംസ്കൃത വിഭവങ്ങൾ കയറ്റിയയക്കപ്പെടുന്നതും ഈ നാടുകളിൽനിന്നുതന്നെ. ഈ അനുകൂലാവസ്ഥ മുതലെടുത്ത് വികസിത ലോകത്തുനിന്ന് അറിവും സാങ്കേതികവിദ്യകളും സ്വന്തമാക്കാൻ മുസ്‌ലിംകൾക്ക് കഴിയണം.”

രണ്ടു ദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ ഒ.ഐ.സി, ഇന്ത്യ, ചൈന, അമേരിക്ക, യൂറോപ്പ് എന്നിവയെ പ്രതിനിധീകരിച്ച് 900 പേർ പങ്കെടുത്തു. ■

# മുറിവേറ്റ ചെച്നിയയുമായി സൊക്കുറോവ്

**ഈയിടെ** സമാപിച്ച 60-ാമത് കാൻ ചലച്ചിത്രോത്സവത്തിൽ ‘അലക്സാന്ദ്ര’ക്ക് പുരസ്കാരങ്ങളൊന്നും ലഭിച്ചില്ല. പക്ഷേ വളരെയേറെ നിരൂപകശ്രദ്ധ പിടിച്ചുപറ്റിയിരുന്നു റഷ്യക്കാരനായ അലക്സാണ്ടർ സൊക്കുറോവ് സംവിധാനം ചെയ്ത ഈ ചിത്രം. ചെച്നിയയിൽ യുദ്ധം ചവച്ചുതുപ്പിയ കുറേ മനുഷ്യരുടെ കഥ പറയുകയാണ് സൊക്കുറോവ്. തിരക്കഥ തയാറാക്കിയതും അദ്ദേഹം തന്നെ. വെടിയൊച്ചകൾ ശമിക്കാത്ത ഗ്രോസ്നി, ഖാൻഖല എന്നീ ചെച്നിയൻ നഗരങ്ങളിൽ 28 ദിവസം സാഹസികമായി താമസിച്ചാണ് സിനിമ ഷൂട്ട് ചെയ്തത്.

ഇത് ചെച്നിയയിൽ മാത്രം നടക്കുന്ന കഥയല്ലെന്ന് സംവിധായകൻ പറയുന്നു. പട്ടാളത്തിലുള്ള തന്റെ കൊച്ചു മകനെ കാണാനെത്തുന്ന അമേരിക്കക്കാരിക്കും അഫ്ഗാനിസ്താനിൽ ബന്ധുവിനെ തേടിപ്പോകുന്ന ഇംഗ്ലീഷ് വനിതക്കും ഇതേ അനുഭവങ്ങൾ ഉണ്ടാകാം.

കനത്ത ചൂടിലും പൊടിയിലും ചാരനിറമായിത്തീർന്ന ദൃശ്യങ്ങളാണ് ഫ്രെയ്മിൽ തെളിയുന്നത്. യുദ്ധ ദൃശ്യങ്ങളില്ലാതെത്തന്നെ യുദ്ധത്തിന്റെ ഭീകരതയും ആവാസവ്യവസ്ഥയുടെ തകർച്ചയും ചിത്രീകരിക്കാൻ ഇതുവഴി സാധിക്കുന്നു. ഒരു റഷ്യൻ സൈനിക ബാരക്കിലും തൊട്ടടുത്ത ഒരു ചെച്നിയൻ നഗരത്തിലും ജീവിതമെങ്ങനെ മുന്നോട്ടുനീങ്ങുന്നു എന്നാണ് സംവിധായകൻ അന്വേഷിക്കുന്നത്. അലക്സാന്ദ്ര ഒരു അമ്മൂമ്മയാണ്. ചെച്നിയയിലെ റഷ്യൻ സൈനിക ക്യാമ്പിൽ ഓഫീസറായ തന്റെ കൊച്ചു മകനെ കാണാൻ അവർ എത്തുകയാണ്.

പ്രതീക്ഷിച്ചതിന് വിരുദ്ധമായ കാഴ്ചകളാണ് അലക്സാന്ദ്രയെ എതിരേൽക്കുന്നത്. കാൻവാസ് തമ്പുകളിലും ചെക്പോയിന്റുകളിലും അവർ കാണുന്നത് നിരാശരും ദുഃഖിതരുമായ റഷ്യൻ പട്ടാളക്കാരെയാണ്. തൊട്ടടുത്ത നഗരത്തിലെത്തിയ അലക്സാന്ദ്ര ചെചൻ വംശജയായ ഒരു വയോധികയെ പരിചയപ്പെടുന്നു. അവരിലൂടെ മുറിവേറ്റ ചെച്നിയയുടെ ചിത്രം തെളിഞ്ഞുവരുന്നു. ജനസംഖ്യയുടെ പത്തു ശതമാനത്തെ യുദ്ധത്തിൽ ബലികഴിക്കേണ്ടിവന്ന ഒരു മലനാടിന്റെ ദുഃഖപർവം.

‘എക്കാലവും നമുക്കിങ്ങനെ മുന്നോട്ടു പോകാനാവില്ല’ ചിത്രത്തിനൊടുവിൽ അലക്സാന്ദ്ര തന്റെ ചെചൻ സുഹൃത്തുക്കളോട് പറയുന്നു. അതുതന്നെയാണ് ഈ സിനിമയുടെ സന്ദേശവും. ■

# വത്തിക്കാൻ മതസംവാദ കൗൺസിൽ പുനഃസ്ഥാപിക്കുന്നു

**വത്തിക്കാനിൽ** ക്രിസ്ത്യൻ-മുസ്‌ലിം സംവാദത്തിന് വേണ്ടിയുള്ള വകുപ്പ് പുനഃസ്ഥാപിക്കുമെന്ന പോപ്പ് ബെനഡിക്റ്റ് പതിനാറാമന്റെ പ്രഖ്യാപനം വ്യാപകമായി സ്വാഗതം ചെയ്യപ്പെടുന്നു. ഇസ്‌ലാം അയുക്തികമാണെന്നും ഹിംസയെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും ധ്വനിപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം പോപ്പ് ചെയ്ത പ്രസംഗം വലിയ വിവാദത്തിന് വഴിവെച്ചിരുന്നു. ഇരു സമുദായങ്ങൾക്കുമിടയിൽ അതുണ്ടാക്കിയ അകൽച്ച ഇല്ലാതാക്കാൻ പുതിയ നടപടി ഒരുപരിധിവരെ സഹായകമാവുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ബെനഡിക്റ്റ് പതിനാറാമൻ പോപ്പായി ചുമതലയേറ്റ ഉടൻ അതുവരെ പ്രത്യേക വകുപ്പായി പ്രവർത്തിച്ചിരുന്ന മതസംവാദ കൗൺസിൽ (Pontifical council for inter religious council) എടുത്തുമാറ്റുകയുണ്ടായി. അതിന്റെ ചുമതലകൾ സാംസ്കാരിക മന്ത്രാലയത്തിന് നൽകി. കൗൺസിലിന്റെ പ്രസിഡന്റായിരുന്ന ആർച്ച് ബിഷപ്പ് മൈക്കൽ ഫിറ്റ്സ് ജെറാൾഡിനെ കയ്റോയിലുള്ള ഒരു അപ്രധാന വകുപ്പിലേക്ക് ‘നാടുകടത്തി’. ഇതുമായി ബന്ധപ്പെട്ട് നടന്നതെല്ലാം തരംതാഴ്ത്തൽ നടപടികളായിരുന്നു. വത്തിക്കാന് മുസ്‌ലിം ലോകവുമായി സംവദിക്കാനുള്ള വേദി ഫലത്തിൽ ഇല്ലാതായി. ആ വകുപ്പാണ് പുനഃസ്ഥാപിക്കാൻ തീരുമാനിച്ചത്. വത്തിക്കാൻ തീരുമാനങ്ങൾ തിരുത്തുന്നത് അപൂർവമാണ്; മാസങ്ങൾക്കകം തിരുത്തുന്നത് അത്യപൂർവവും.

മുൻ പോപ്പ് ജോൺ പോൾ രണ്ടാമന്റെ കാലത്ത് മുസ്‌ലിം ലോകവുമായി വത്തിക്കാന് നല്ല ബന്ധമുണ്ടായിരുന്നു. അറബി ഭാഷ നന്നായി കൈകാര്യം ചെയ്യാനറിയുന്ന ഫിറ്റ്സ് ജെറാൾഡ് ഇതിന്റെ പ്രധാന കണ്ണിയായി വർത്തിച്ചു. ഫിറ്റ്സ് ജെറാൾഡിനെയും അദ്ദേഹത്തിന്റെ വകുപ്പിനെയും തരംതാഴ്ത്തുക വഴി പുതിയ പോപ്പ് തന്റെ മുൻഗാമി മുസ്‌ലിംലോകവുമായി ഉണ്ടാക്കിയെടുത്ത ബന്ധങ്ങൾ ഉപേക്ഷിക്കുകയാണെന്ന ധാരണ സൃഷ്ടിക്കപ്പെട്ടു. ബെനഡിക്റ്റിന്റെ ‘റഗൻസ് ബർഗ് പ്രസംഗ’ത്തിന്റെ മുറിവുണക്കാൻ ഫിറ്റ്സ് ജെറാൾഡിനെ തന്നെ ആ വകുപ്പിന്റെ ചുമതലയേൽപിക്കാനാണ് സാധ്യത. ■